ഹസനുൽ ബന്ന

# ജീവിത വീക്ഷണം എന്ത്?

**മനുഷ്യൻ** പാപകൃത്യങ്ങളിലേർപ്പെടുന്നതിന്റെ മുഖ്യകാരണം ഭൗതികലോകത്തോടുള്ള അവന്റെ കാഴ്ചപ്പാടാണ്. താനും ലോകവും എന്തിന് സൃഷ്ടിക്കപ്പെട്ടു? ഇതിന്റെയൊക്കെ പര്യവസാനം എന്ത്? ഇത്തരം ചോദ്യങ്ങൾക്ക് എല്ലാ കാലത്തെയും മനുഷ്യൻ ഉത്തരം കണ്ടെത്താൻ ശ്രമിച്ചിട്ടുണ്ട്. ഇതിനെയാണ് നാം പ്രപഞ്ചവീക്ഷണമെന്ന് പറയുന്നത്. നമ്മുടെ പ്രപഞ്ചവീക്ഷണമാണ് യഥാർഥത്തിൽ നമ്മുടെ ജീവിതം നിർണയിക്കുന്നതും നമ്മുടെ പരലോകം രൂപപ്പെടുത്തുന്നതും. ആദർശം, ലക്ഷ്യം, മാർഗം തുടങ്ങിയ ജീവിത സ്പർശിയായ ചില മൗലിക ഘടകങ്ങൾ ഒരാളുടെ ജീവിത വീക്ഷണത്തിൽ ഉൾച്ചേർന്നിരിക്കും.

ഒരു യാത്രക്കാരനെ ഉദാഹരിക്കാം. സ്വന്തം വാഹനം ഓടിച്ചുപോകുന്ന അദ്ദേഹത്തിന്റെ മനസ്സിൽ എത്തേണ്ട ലക്ഷ്യത്തെക്കുറിച്ച് വ്യക്തമായ ധാരണ ഉണ്ടായിരിക്കും. ആ ബോധത്തെ നമുക്ക് ആദർശമെന്നു വിളിക്കാം. ആദർശവും ലക്ഷ്യബോധവുമാണ് കൃത്യവും സുചിന്തിതവുമായ മാർഗം തെരഞ്ഞെടുക്കാൻ ഒരാളെ പ്രാപ്തനാക്കുന്നത്. അഥവാ തിരുവനന്തപുരത്തേക്ക് പോകേണ്ട ആൾ ഒരിക്കലും കാസർകോട് ഭാഗത്തേക്ക് വണ്ടി ഓടിക്കുകയില്ല. തിരുവനന്തപുരത്തേക്കുതന്നെ കൂടുതൽ സൗകര്യപ്രദമായ ബൈപാസുകളും മറ്റുമുണ്ടെങ്കിൽ അതൊക്കെ കണക്കിലെടുത്തു കൊണ്ടുള്ള ഒരു യാത്രാപ്ലാൻ ആയിരിക്കും അയാൾ തയാറാക്കുക.

ഒരു ചെറിയ യാത്രയുടെ കാര്യത്തിൽ പോലും ഇതാണ് സ്ഥിതിയെങ്കിൽ 'ജീവിത യാത്ര'യോട് നമ്മുടെ കാഴ്ചപ്പാട് എവ്വിധമാവണം? ഖേദകരമെന്നു പറയട്ടെ നമ്മിൽ മഹാഭൂരിപക്ഷവും ഈ കാര്യത്തിൽ അലസരാണ്. ഒരു യാത്രക്കോ ബിസിനസിനോ ഒരുങ്ങുമ്പോഴുള്ള ആലോചന പോലും നമ്മുടെ മൊത്തം ജീവിതത്തെക്കുറിച്ച് നമുക്കില്ല. അടുത്തിടെ ഒരു സുഹൃത്തിനോട് 'എന്താണ് നിങ്ങളുടെ ജീവിതലക്ഷ്യം?' എന്നു ചോദിച്ചപ്പോൾ അയാൾ പറഞ്ഞത് 'നിങ്ങളുടെ ചോദ്യം കേട്ടപ്പോൾ മാത്രമാണ് ഞാൻ അതേക്കുറിച്ച് ചിന്തിക്കുന്നത്' എന്നായിരുന്നു!

സത്യവിശ്വാസിയെ സംബന്ധിച്ചേടത്തോളം ജീവിതമെന്ന മഹായാത്രയിലെ ഒരിടത്താവളം മാത്രമാണ് ഐഹികലോകം. ബർസഖ്(ശ്മശാന ജീവിതം), ആഖിറത്ത് (പരലോക ജീവിതം) എന്നീ രണ്ടിടങ്ങൾകൂടി അവനെ കാത്തിരിക്കുന്നു. അഥവാ ആഖിറത്ത് എന്ന പരലോക ജീവിതമാണ് അവന്റെ ലക്ഷ്യം. മറ്റൊരുവിധം പറഞ്ഞാൽ, അല്ലാഹുവിന്റെ തൃപ്തിയും പരലോക വിജയവും നേടലാണ് ഒരു മുസ്‌ലിമിന്റെ ജീവിത ലക്ഷ്യം. ഇതിനർഥം വിശ്വാസികൾക്ക് ഭൗതികലോകജീവിതം നിഷിദ്ധമാണെന്നല്ല. ഭൗതികലോകം കെട്ടിപ്പടുക്കലും ഭൗതികലോകത്തിന്റെ അലങ്കാരങ്ങൾ (സീനത്ത്) നേടലുമെല്ലാം വിശ്വാസികൾക്ക് വേണമെന്നു മാത്രമല്ല അത് നിർബന്ധ ബാധ്യതയുമാണ്. കാരണം നാം ദൈവത്തിന്റെ ഭൂമിയിലെ 'ഖലീഫ'മാരാണ്. ഭൂമിയിൽ ജനജീവിതത്തിന്റെ സമഗ്രപുരോഗതി ലക്ഷ്യംവെക്കുന്നവരാണ്. ഇതിനു പക്ഷേ, രണ്ടു ഉപാധികൾ പാലിക്കേണ്ടതുണ്ട്. 1. സാക്ഷാൽ ലക്ഷ്യം പരലോകമായിരിക്കുക. 2. ഐഹികജീവിതം മൂല്യനിഷ്ഠമായിരിക്കുക. ഇതിനു വിപരീതമായ മുഴുവൻ ജീവിത വീക്ഷണങ്ങളെയും ശൈലികളെയും ഖുർആൻ തള്ളിക്കളയുന്നു. അവയുടെ അപകടങ്ങളെക്കുറിച്ച് മനുഷ്യനെ ബോധവൽക്കരിക്കുകയും ചെയ്യുന്നു.

വിശുദ്ധ ഖുർആൻ പറയുന്നു: "ഭൗതിക ജീവിതം ഒരു വിനോദവും തമാശയുമാണ്. നഷ്ടമേൽക്കുന്നതിൽ നിന്ന് രക്ഷ കാംക്ഷിക്കുന്നവർക്കോ പരലോകം തന്നെയാകുന്നു അത്യുൽകൃഷ്ടമായിട്ടുള്ളത്. ഇനിയും നിങ്ങൾ ബുദ്ധി ഉപയോഗിക്കുന്നില്ല" (*അൽ അൻആം* 32).

"സമ്പത്തും സന്താനങ്ങളുമൊക്കെ ഐഹികജീവിതത്തിന്റെ ക്ഷണിക സൗന്ദര്യമാകുന്നു. വാസ്തവത്തിൽ, നിലനിൽക്കുന്ന സൽക്കർമങ്ങളാകുന്നു നിന്റെ നാഥന്റെ ദൃഷ്ടിയിൽ അനന്തര ഫലത്താൽ ഉത്കൃഷ്ടമായിട്ടുള്ളത്" (*അൽ കഹ്ഫ്* 46).

ഒരു കാര്യം തീർച്ച. ജീവിതത്തെക്കുറിച്ച കാഴ്ചപ്പാടാണ് മനുഷ്യന്റെ നന്മതിന്മകളെ രൂപപ്പെടുത്തുന്നതും അവന്റെ സ്വർഗ നരകങ്ങളെ തീരുമാനിക്കുന്നതും. സയ്യിദ് മൗദൂദി എഴുതുന്നു: "......ഭൗതിക ജീവിതത്തിൽ മനുഷ്യൻ സ്വീകരിക്കുന്ന നിലപാടുകളിൽ ഒന്നിതാണ്: ദൈവത്തോടുള്ള അടിമത്തത്തിന്റെ പരിധികൾ ലംഘിച്ച് അവനെ ധിക്കരിച്ച് ഭൗതിക ലോകത്ത് തനിക്കാവശ്യമുള്ള നേട്ടങ്ങളും സുഖങ്ങളും ഏതു വിധേനയും കരസ്ഥമാക്കുക. മറ്റൊരു നിലപാടിതാണ്: ഒടുവിലൊരുനാൾ എന്റെ നാഥന്റെ സമക്ഷത്തിൽ ചെന്നു നിൽക്കണം എന്ന ലക്ഷ്യത്തോടെ ഭൗതിക ലോകത്ത് ജീവിക്കുകയും ഇവിടെ ജഡികേഛകൾക്കടിപ്പെട്ട് അന്യായമായ നേട്ടങ്ങളാർജിക്കുകയോ അവിഹിത സുഖങ്ങളനുഭവിക്കുകയോ ചെയ്താൽ നാളെ നാഥനോട് സമാധാനം ബോധിപ്പിക്കേണ്ടിവരുമെന്ന വിചാരത്തോടെ അകന്നു നിൽക്കുകയും ചെയ്യുക. ഈ രണ്ടു നിലപാടുകളിൽ ഒരുവൻ സ്വീകരിച്ച നിലപാട് ഏത് എന്നതിനെ ആധാരമാക്കിയായിരിക്കും അന്തിമ വിധിയുണ്ടാവുക. ആദ്യത്തെ നിലപാട് സ്വീകരിച്ചവന്റെ ശാശ്വത സങ്കേതം നരകമാകുന്നു. രണ്ടാമത്തെ നിലപാട് സ്വീകരിച്ചവന്റെ നിത്യഗൃഹം സ്വർഗവും" (*തഫ്ഹീമുൽ ഖുർആൻ*, ഭാഗം 6, പേജ് 212,213). ■